LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥാപിത ശേഷിയിൽ 198.75 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കെ.എസ്.ഇ.ബി

കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി	100 മെഗാവാട്ട്
നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി	25 മെഗാവാട്ട്
കുറ്റ്യാടി ടെയിൽ റേസ് പദ്ധതി	3.75 മെഗാവാട്ട്
നേര്യമംഗലം പദ്ധതി	2.55 മെഗാവാട്ട്
(നവീകരണ പുനരുദ്ധാരണം വഴിയുള്ള ശേഷി വർദ്ധനവ്)	
ശബരിഗിരി ജലവൈദ്യുത പദ്ധതി	20.00 മെഗാവാട്ട്
(നവീകരണ പുനരുദ്ധാരണം വഴിയുള്ള ശേഷി വർദ്ധനവ്)	
ആകെ	151.3 മെഗാവാട്ട്

സ്വകാര്യ മേഖല

അളളുങ്കൽ	7 മെഗാവാട്ട്
എം.പി. സ്റ്റീൽ (കോ ജനറേഷൻ)	10 മെഗാവാട്ട്
അഗളി വിൻഡ് ഫാം	16.2 മെഗാവാട്ട്
രാമക്കൽമേട് വിൻഡ് ഫാം	14.25 മെഗാവാട്ട്
ആകെ	47.45 മെഗാവാട്ട്
ആകെ	198.75 മെഗാവാട്ട്

കെ.എസ്.ഇ.ബി. നേരിട്ടും സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും ആരംഭിക്കുന്ന ജലവൈദ്യുത പദ്ധതികൾ

142 (5547) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതിയ ജലവൈദ്യുത പദ്ധതികൾ ചെറുകിട വൻകിട മേഖലകളിൽ ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ ഏജൻസികൾ, എവിടെയൊക്കെ, എത്ര മെഗാവാട്ടിന്റെ പദ്ധതികളാണ് കണ്ടെത്തിയിരിക്കുന്നത് ;

(സി) ഓരോ പദ്ധതിയും നിർമ്മിക്കുവാൻ എന്തൊക്കെ നടപടി ക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളത് ;

(ഡി) ഐഡന്റിഫൈ ചെയ്ത പദ്ധതികൾ നിർമ്മാണം പൂർത്തിയാക്കി യാൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിൽ ഉല്പാദിപ്പിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) എല്ലാ പദ്ധതികളും കെ.എസ്.ഇ.ബി.നേരിട്ട് നിർമ്മിക്കുവാനാണോ ഉദ്ദേശിക്കുന്നത് ;

(എഫ്) കെ.എസ്.ഇ.ബി. നേരിട്ടും, സ്വകാര്യ പങ്കാളിത്തത്തോടുകൂടിയും പദ്ധതികൾ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കേരളത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് ഐഡന്റിഫൈ ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിനുപുറമേ ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും ജല വൈദ്യുത പദ്ധതികൾ സംബന്ധിച്ച സാധ്യതാ പഠനം നടന്നു വരുന്നു.

കേരളത്തിൽ താഴെ പറയുന്ന 867 ചെറുകിട ജല വൈദ്യുതോത്പാദന സാദ്ധ്യതാ പ്രദേശങ്ങൾ അനെർട്ട് കണ്ടെത്തിയിട്ടുണ്ട്.

ജില്ല	സാധ്യതാ പ്രദേശങ്ങളുടെ എണ്ണം
തിരുവനന്തപുരം	49
കൊല്ലം	31
പത്തനംതിട്ട	39
കോട്ടയം	32
ഇടുക്കി	262
എറണാകുളം	23
തൃശ്ശൂർ	42
പാലക്കാട്	48
മലപ്പുറം	59
കോഴിക്കോട്	53
വയനാട്	48
കണ്ണൂർ	88
കാസർകോഡ്	93
ആകെ	867

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനെർട്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള ഈ 867 പ്രദേശങ്ങളുടെ ആകെ പ്രതീക്ഷിത ശേഷി 337 മെഗാവാട്ട് (30 % പ്ലാന്റ് ലോഡ് ഫാക്ടറിൽ) ആണ്.

(സി) സാധ്യതാ പഠനം, പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്, വിശദമായ ജിയോളജിക്കൽ പഠനങ്ങൾ എന്നിവ പൂർത്തിയാക്കിയ ശേഷം ഗവൺമെന്റ് അംഗീകാരവും ആവശ്യമെങ്കിൽ പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസുകളും (Forest clearance and Envirbnmental clearance) ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതുണ്ട്.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കേ കൃത്യമായ മെഗാവാട്ട് തിട്ടപ്പെടുത്താനാവൂ. വൈദ്യുതി ബോർഡ് ഐഡന്റിഫൈ ചെയ്ത പദ്ധതികൾ വഴി ഉദ്ദേശം പ്രതീക്ഷിക്കുന്നത് 1197 മെഗാവാട്ട് ആണ്. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി 30% പ്ലാന്റ് ലോഡ് ഫാക്ടറിൽ 336 മെഗാവാട്ട് ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഇ) വൈദ്യുത ബോർഡ് ഐഡന്റിഫൈ ചെയ്ത പദ്ധതികൾ എല്ലാം ബോർഡ് നേരിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) കെ.എസ്.ഇ.ബി ഓരോ വർഷവും നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്(prioritized scheme). ഇതനുസരിച്ച് 2010-11 കാലയളവിൽ 137.1 മെഗാ വാട്ടിന്റെ 15 പദ്ധതികൾ ടെണ്ടർ ചെയ്യാൻ ലക്ഷ്യമിടുന്നു. ഇപ്പോൾത്തന്നെ 235 മെഗാവാട്ടിന്റെ 6 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 123.55 മെഗാവാട്ടിന്റെ 8 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനായി 61 പദ്ധതികൾ ഐഡന്റിഫൈ ചെയ്ത് സർക്കാർ തലത്തിൽ ടെണ്ടർ ചെയ്തിരുന്നു. ഇവയിൽ 41.15 മെഗാവാട്ടിന്റെ 11 പദ്ധതികൾ വിവിധ സ്വകാര്യ സംരംഭകർക്കായി ഇതിനകം അനുവദിച്ചു. ഇതിൽ 3 മെഗാവാട്ടിന്റെ ഇരുട്ടുകാനം പദ്ധതി ഈ സെപ്റ്റംബർ മാസത്തോടെ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

143 (5548) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെ ;

(ബി) ഇവ ഓരോന്നിന്റെയും ഉൽപ്പാദനശേഷി എത്ര ;

LIBRARY ARCHIVES Kerala Legislative Assembly